**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 463** — **27.09.2016 ൽ മറുപടിയ്ക്ക്**

## സഹകരണ റിസ്ക് ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുവാൻ സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) റിസ്ക് ഫണ്ട് പദ്ധതി ബാധകമായ സഹകരണ സംഘങ്ങൾ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരേണ്ടതാണെന്ന് സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പദ്ധതിയിൽ ചേരാത്ത സഹകരണ സംഘങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ ; | (ബി) റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരാത്ത സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 381<br>കൊല്ലം - 2<br>പത്തനംതിട്ട - 4<br>ആലപ്പുഴ - 11<br>കോട്ടയം - 19<br>ഇടുക്കി - 10<br>എറണാകുളം - 59<br>തൃശ്ശൂർ - 40<br>പാലക്കാട് - 22<br>മലപ്പുറം - 35<br>കോഴിക്കോട് - 26<br>വയനാട് - 6<br>കണ്ണൂർ - 2<br>കാസറഗോഡ് - 16 |
| (സി) പദ്ധതിയിൽ ചേരാത്ത സഹകരണ സംഘങ്ങൾക്ക് എതിരെ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) റിസ്ക് ഫണ്ട് പദ്ധതി ബാധകമായ സഹകരണ സംഘങ്ങൾ പദ്ധതിയിൽ ചേരുന്നതിൽ വീഴ്ചയുണ്ടായാൽ പ്രസ്തുത സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് വായ്പ നൽകാൻ അവകാശമുണ്ടായിരിക്കില്ലെന്നും, വായ്പ നൽകുന്നതിൽ നിന്നും ഇത്തരം സംഘങ്ങൾക്ക് വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുണ്ടെന്നും സഹകരണ നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. സംഘത്തിന്റെ ഭാഗത്തു നിന്ന് ഉണ്ടാകുന്ന വീഴ്ച കാരണം അർഹതപ്പെട്ട |

റിസ്ക് ഫണ്ട് ആനുകൂല്യം വായ്പക്കാരന് നഷ്ടപ്പെട്ടാൽ ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയും ചീഫ് എക്സിക്യൂട്ടീവും ഉത്തരവാദിയായിരിക്കുന്നതാണെന്നും റിസ്ക് ഫണ്ട് പദ്ധതിയുടെ നിയമാവലിയിൽ വ്യവസ്ഥയുണ്ട്.

സെക്ഷൻ ഓഫീസർ